മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) യുവാക്കന്മാർക്കായി ഇരുപത്തിരണ്ടും (22) യുവതികൾക്കായി പത്തും (10) ക്യാമ്പുകൾ നടത്തിട്ടുണ്ട്.

(ബി) (622) അറുനൂറ്റി ഇരുപത്തിരണ്ട് യുവതികളും (1590) ആയിരത്തി അഞ്ഞൂറ്റി തൊണ്ണൂറ് യുവാക്കന്മാരും.

(സി) ഭാരത് സേവക് സംഘത്തിൽ നിന്നും കിട്ടിയ അറിവനുസരിച്ച് സ്ഥലവാസികളുടെ സഹായത്തോടുകൂടി യുവാക്കന്മാർ ഏകദേശം എൺപത്തിനാലായിരം (84,000) രൂപ വില മതിക്കാവുന്ന ജോലികൾ ചെയ്തീർത്തിട്ടുണ്ട്.

യുവതികൾ ചെയ്തിട്ടുള്ള ജോലിയുടെ വില നിർണ്ണയിച്ചിട്ടില്ല.

## ഇൻഡ്യൻ സോഷ്യൽ വെൽഫെയർ ബോർഡ്.

* 737. [27] ശ്രീ. കെ. പി. ഹോർമിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യൻ സോഷ്യൽ വെൽഫെയർ ബോർഡിന്റെ തിരുവിതാംകൂർ-കൊച്ചി ശാഖയിൽനിന്നും സാമൂഹ്യ പ്രവർത്തനം നടത്തുന്ന സ്ഥാപനങ്ങൾക്ക് ആകെ എത്ര തുക അനുവദിച്ചു.

(ബി) ഏതെല്ലാം സ്ഥാപനങ്ങൾക്ക് എത്ര തുകകൾ ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) സാമൂഹ്യപ്രവർത്തനം നടത്തുന്ന സ്ഥാപനങ്ങൾക്ക് സഹായധനം നൽകുന്നതു് സ്റ്റേറ്റ് ബോർഡല്ല. സെൻട്രൽ സോഷ്യൽവെൽഫെയർ ബോർഡാണു്. സെൻട്രൽ ബോർഡിലേയ്ക്കു പ്രസ്തുത സ്ഥാപനങ്ങൾക്ക് സഹായധനം നൽകുന്നതിനു് സ്റ്റേറ്റ്ബോർഡ് ശുപാർശ അയയ്ക്കുക മാത്രമേ ചെയ്യാറുള്ളൂ.

(ബി) സെൻട്രൽബോർഡ് സഹായധനം അനുവദിച്ച സ്ഥാപനങ്ങളുടെ ഒരു പട്ടിക † മേശപ്പുറത്തു വച്ചിട്ടുണ്ട്.

## പോലീസ് ഉദ്യോഗസ്ഥന്മാർക്ക നൽകിയ പാരിതോഷികം.

* 738. [28] ശ്രീ. എൻ. രാഘവക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെക്കൻ തിരുവിതാംകൂറിൽ 1954 ആഗസ്റ്റ് 11-ാംതീയതി ആരംഭിച്ചു തമിഴ്നാട് പ്രക്ഷോഭണമെന്നറിയപ്പെടുന്ന സംഭവങ്ങൾ സംബന്ധിച്ചു് അന്നത്തെ പോലീസ് ഉദ്യോഗസ്ഥന്മാർ കൈക്കൊണ്ട നടപടികൾക്കുവേണ്ടി ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനു് എന്തെങ്കിലും സമ്മാനമോ മറ്റു പ്രതിഫലങ്ങളോ കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആർക്കൊക്കെ; എന്തൊക്കെ;

† Please see Appendix VI.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ഓരോ ഉദ്യോഗസ്ഥനും ഇപ്രകാരം സമ്മാനം കൊടുത്തിട്ടുള്ളതു് അവരുടെ ഏതേതു പ്രവർത്തനങ്ങളെ അടിസ്ഥാനപ്പെടുത്തിയാണു്;

(ഡി) സംസ്ഥാന ഗവണ്മെൻറിൻെറ അറിവോടും സമ്മതത്തോടുംകൂടിയാണോ സമ്മാനങ്ങൾ കൊടുത്തിട്ടുള്ളതു്;

(ഇ) സമ്മാനം കൊടുക്കുന്ന അവസരത്തിൽ ഈ ഉദ്യോഗസ്ഥന്മാരുടെമേൽ എന്തെങ്കിലും പരാതി നിലവിലുണ്ടായിരുന്നോ;

ആഭ്യന്തരകായ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉവ്വു്.

(ബി & സി) † വിവരങ്ങളടങ്ങിയ ഒരു സ്റ്റേറ്റുമെൻറു് മേശപ്പുറത്തു വച്ചിട്ടുണ്ടു്.

(ഡി) ശ്രീ. പി. ഗോപാലനെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിൻെറ അറിവോടും സമ്മതത്തോടുംകൂടെയുമാണു് നൽകിയതു്.

(ഇ) ഇല്ല.

## ഗവണ്മെൻറു് പരസ്യങ്ങൾ

* 739. [29] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) ഇതര സംസ്ഥാനങ്ങളിലെ ഭാഷാപത്രങ്ങൾക്കു് അതതു ഗവണ്മെൻറുകൾ നൽകിക്കൊണ്ടിരിക്കുന്ന പരസ്യങ്ങളെക്കാൾ വളരെ കുറവാണു് ഇവിടത്തെ ഭാഷാപത്രങ്ങൾക്കു് ഗവണ്മെൻറു് പരസ്യങ്ങൾ നൽകുന്നതെന്ന വസ്തുത തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കേരളായൂണിയൻ ന്യൂസ് പേപ്പർ എഡിറ്റേഴ്സ് അസോസിയേഷൻ കൊണ്ടുവന്നിട്ടുണ്ടോ;

(ബി) പരസ്യങ്ങൾ നൽകുന്ന കാര്യത്തിൽ ഇപ്പോൾ ഗവണ്മെൻറു് അവലംബിച്ചിരിക്കുന്ന നയം പുനഃപരിശോധന ചെയ്യുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി) പരസ്യങ്ങൾ നൽകുന്ന കാര്യത്തിൽ ഗവണ്മെൻറു് അവലംബിച്ചിട്ടുള്ള നയം തികച്ചും ന്യായയുക്തമാണെന്നാണു് ഗവണ്മെൻറിൻെറ വിശ്വാസം.

## ഹെലിബറിയ എസ്റ്റേറ്റിൽ അക്രമപ്രവർത്തനങ്ങൾ.

* 740. [30] ശ്രീ. എൻ. ജി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീരുമേട്ടിൽ ഹെലിബറിയാ എസ്റ്റേറ്റിൽ 1955-മേയ് മാസം 3-ാം തീയതി ആർ. എസ്. പി. തൊഴിലാളികൾ അക്രമപ്രവർത്തനങ്ങൾ നടത്തിയതായി എന്തെങ്കിലും റിപ്പോർട്ടു് ഗവണ്മെൻറിനു് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം അക്രമങ്ങളാണു് അവിടെ നടന്നിട്ടുള്ളതു്?

† Please see Appendix VII

LIBRARY ARCHIVES Kerala Legislative Assembly

# APPENDIX VII

[*Please see answer to question 738 (28) dated 5-10-1955.*]

(b) 1. Shri P. Gopalan, A. S. P., Nagercoil, was given the maximum salary of Rs. 325 in the scale of Rs. 275-325.

2. ,, K. Ganapathy Iyer, Circle Inspector of Police Thuckalai .. .. Reward of Rs. 50.

3 ,, C. S. Subramoniam, Prosecuting Sub Inspector of Police Nagercoil. do.

4. ,, K. C. Sundaresh, Traffic Sub Inspector of Police, Nagercoil. do.

5. ,, A. M. Abdulkhadar, Sub Inspector of Police, Vilavancode .. do.

6. ,, K. Parameswaran Pillai, Sub Inspector of Police, (on Special duty) .. (A good service entry and a reward of Rs. 50)

7. ,, N. Paramasivan Nair, Sub Inspector of Police, C. I. B. .. do.

8. ,, H. C. 1955 R. Bhaskaran, Thiruvattar Station. .. A Reward of Rs. 30

(c) Shri P. Gopalan, Asst. Supdt. of Police. For rendering conspicuous service by dealing with the situation that occurred in South Travancore in July and August 1954 which but for the tactful and firm handling by Shri P. Gopalan, A. S. P., Nagercoil, would have resulted in more extensive damages to property and loss of life and for acting regardless of his personal safety. And also for the good work done previously in connection with the Punnapra Vayalar Riot cases and in connection with the conduct of Chavara riot cases-vide G. O., D. Dis. No. 1538/55/CS. dated 28-1-1955 corresponding to ROC. 9/GA/55, dated 2-2-1955.

Shri Ganapathy Iyer (2) C. S. Subramoniam (3) K. C. Sundaresh and A. M. Abdul Khadar mentioned above. For the good work done by them in connection with Crime Nos. 99/54 and 100/54 of Vilavancode Police Station and 85, 86 and 87/54 of Thuckalai Police Station under Sections 121 A, 140, 149, 332, 395 and 307 I. P. C. etc.

Shri K. Parameswaran Pillai, N. Paramasivan Nair and R. Bhaskaran (H.C).
For the good work done by them in connection with Crime Nos. 99 and 100/54 of Vilavancode Station under Sections 148, 149, 332, 395, 307, 121 A, I. P. C. etc.

2/600/V

LIBRARY ARCHIVES Kerala Legislative Assembly